LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: മീറ്റിംഗ് വിളിക്കാൻ പ്രയാസമൊന്നുമില്ല. മീറ്റിംഗ് വിളിക്കാം. റിവ്യൂ ചെയ്യാം. ഏരിയ സംബന്ധിച്ച് ഏകദേശ ധാരണ എന്റെ മനസ്സിലുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ തന്നെ പണം ഇല്ലാത്തതാണ് പ്രശ്നം. എങ്ങനെ പണം കണ്ടെത്താൻ കഴിയും? തിരുവനന്തപുരം കോർപ്പറേഷൻ എന്നു പറയുന്നത് വലിയൊരു ഏരിയയാണ്. ഈ ഏരിയ മുഴുവൻ ഫുൾ കവറേജ് കൊടുക്കേണ്ടത് ആവശ്യമാണ്. അക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതിനുള്ള പണം കണ്ടെത്താനുള്ള ബുദ്ധിമുട്ടാണ്. ഞാൻ യോഗം വിളിക്കാം. യോഗം വിളിച്ച് എടുക്കുന്ന തീരുമാനങ്ങൾ എല്ലാവരും കൂടി നടപ്പിലാക്കാൻ ശ്രമിച്ചാൽ നമുക്ക് ഏതെങ്കിലും മാർഗ്ഗം കണ്ടെത്താൻ യോജിച്ചു നീങ്ങാം.

മി. സ്പീക്കർ: സഭ ഇന്ന് അനിശ്ചിതകാലത്തേക്ക് പിരിയുന്ന ദിവസമായതുകൊണ്ട് ഓഫീസിൽ തന്ന എല്ലാ സബ്മിഷനുകളും, കാളിംഗ് അറ്റൻഷനുകളും, അഡ്മിസിബിളായിട്ടുള്ള, എന്റെ കയ്യിൽ തന്ന എല്ലാ സബ്മിഷനുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. 34 സബ്മിഷനുകളുണ്ട്. ഇന്ന് വെള്ളിയാഴ്ചയായതുകൊണ്ട് 12.30-ന് പിരിയേണ്ടിയിരിക്കുന്നു. അതുകൊണ്ട് പ്രതിപക്ഷ നേതാവിന് പറയാനുള്ളത് പറയട്ടെ. ബാക്കിയുള്ള 33 സബ്മിഷനുകളും ഓരോ മിനിട്ടിൽ നമുക്ക് തീർക്കേണ്ടിയിരിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർമാർ ഒന്നോ രണ്ടോ വാചകങ്ങളിൽ പറയണം. മന്ത്രിമാരും ഒന്നു രണ്ട് വാചകങ്ങളിൽ മറുപടി പറയണം.

V സബ്മിഷൻ

(1) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് "റാങ്ക് ഫയൽ" വിതരണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പട്ട സ്പീക്കർ പറഞ്ഞതിനോട് പരമാവധി സഹകരിക്കാം. സർ, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽനിന്ന് എസ്.എസ്.എൽ.സി-ക്ക് പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇപ്പോഴും പഠന സഹായി എന്നു പറഞ്ഞ് ഒരു പുസ്തകം വിതരണം ചെയ്യുന്നുണ്ട്. ജൂൺ 18-ന് തന്നെ ക്വട്ടേഷൻ ക്ഷണിച്ച് ഓർഡർ കൊടുത്തു. ജൂൺ 25-നകം ഇത് സമർപ്പിക്കണം എന്നു പറഞ്ഞു. ഏതാണ്ട് 8 ക്വട്ടേഷനുകൾ സമർപ്പിക്കപ്പെട്ടു. അതിൽ 4 എണ്ണം വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്ക് അയച്ചു. വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്കു ശേഷം ഒരെണ്ണം സെലക്ട് ചെയ്തു. ഏതാണ്ട് 350 രൂപ ഒരു പുസ്തകത്തിന് വില നിശ്ചയിച്ചിട്ടുണ്ട് 35 ശതമാനം ഡിസ്കൗണ്ടും പറഞ്ഞിട്ടുണ്ട്. ഐ. ഇ. ടി. എന്നു പറയുന്ന സ്ഥാപനത്തിന്റെ ഒരു പുസ്തകത്തിന് ഡിസ്കൗണ്ട് കഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

ഏതാണ്ട് 208 രൂപ വില വരും. അതേ സമയം തന്നെ വി-പബ്ലിക്കേഷൻസ് എന്ന സ്ഥാപനം 112 രൂപയ്ക്ക് ഓഫർ കൊടുത്തു എങ്കിലും ആ ഓഫർ എടുത്തില്ല. അങ്ങനെ ആദ്യം 30,000 പുസ്തകങ്ങൾ വാങ്ങിയതിന്റെ ഫലമായി 14 ലക്ഷം രൂപ ഗവൺമെന്റിന് നഷ്ടം വന്നു. ഇതിനെത്തുടർന്ന്, ഞങ്ങൾ ഇതിന്റെ അപേക്ഷകരായിരുന്നു, ഞങ്ങളുടെ പെറ്റീഷൻ പരിഗണിച്ചില്ല എന്നുപറഞ്ഞ് "വി" പബ്ലിക്കേഷൻ ഹൈക്കോടതിയിൽ പെറ്റീഷൻ കൊടുത്തു. ഇതു രണ്ടുംകൂടി പരിശോധിച്ചിട്ട് ഇത് ഗൗരവമായി പരിഗണിക്കണം എന്നുപറഞ്ഞുകൊണ്ടുള്ള ഉത്തരവും വന്നു. ഉത്തരവ് വന്നിട്ടും അതിനെയും നിഷേധിച്ചുകൊണ്ട് ഏതാണ്ട് ഒരുകോടിയിൽപ്പരം രൂപയ്ക്ക് പുസ്തകം വാങ്ങാൻ, 50,000 പുസ്തകം കൂടി വാങ്ങാനും അത് ഫെബ്രുവരി 15-നുമുമ്പ് കുട്ടികൾക്ക് എത്തിക്കണമെന്നും പറഞ്ഞുകൊണ്ടുള്ള ഓർഡർ പുറപ്പെടുവിച്ചു. അതിനും കാട്ടേഷനൊന്നും വിളിച്ചില്ല. ഐ.ഇ.റ്റി എന്നുപറയുന്ന ആദ്യം കാട്ടേഷൻ കൊടുത്ത അവർക്കുതന്നെ ഇത് ഉറപ്പിച്ച് കൊടുത്തുകൊള്ളണമെന്ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. അങ്ങനെ 208 രൂപയ്ക്ക് വാങ്ങിയ പുസ്തകം 112 രൂപയ്ക്ക് ഞങ്ങൾ തന്നോളാം എന്നുപറഞ്ഞിട്ട് അത് വാങ്ങാതെ ആദ്യം 14 ലക്ഷം രൂപ നഷ്ടപ്പെടുത്തി. രണ്ടാമത്തെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതാണ്ട് 35 ലക്ഷം രൂപ ഗവണ്മെന്റിന് നഷ്ടം വരത്തക്കവിധത്തിലുള്ള ഒരു നീക്കമാണ് ഹരിജൻ വകുപ്പിൽ നിന്നും ഉണ്ടായിട്ടുള്ളത്. ഹൈക്കോടതിയുടെ വിധി ഉണ്ടായിട്ടും അതിനെ ലംഘിച്ചുകൊണ്ട് രണ്ടാമത്തെ ഓർഡറും ആദ്യത്തെ ആൾക്കുതന്നെ കൊടുക്കുകയാണ് ചെയ്തത്. ഞാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് ഇതുസംബന്ധിച്ചുള്ള ഒരു സബ്മിഷന് അപേക്ഷ അയച്ചു. സ്വാഭാവികമായിട്ടും അപേക്ഷ മന്ത്രിക്ക് അദ്ദേഹം വിശദീകരണത്തിനുവേണ്ടി അയച്ചുകൊടുത്തു കാണുമല്ലോ? ഇപ്പോൾ ഏതാണ്ട് ഓർഡർ എല്ലാം ശരിപ്പെടുത്തി, ആദ്യത്തെ ഓർഡർ ക്യാൻസൽ ചെയ്ത് എല്ലാം ശരിപ്പെടുത്തിവച്ചിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതിനുപറ്റിയ ഓർഡറെല്ലാം അയച്ചതിന്റെ കോപ്പി എന്റെ കയ്യിലും വന്നിട്ടുണ്ട്.

Mr. Speaker: Better late than never.

<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ:</u> മന്ത്രി മറുപടി പറയുമ്പോൾ സൂക്ഷിച്ചു പറയണം. എന്റെ കയ്യിലും അതിന്റെ കോപ്പിയുണ്ട്. എന്തിനാണ് ഇങ്ങനെ നഷ്ടപ്പെടുത്തുന്ന വിധത്തിൽ..... കമ്മീഷന്റെ ഇടപാടാണെങ്കിൽ അത് തുറന്നുപറയണം. ആദ്യത്തേത് 14 ലക്ഷത്തിൽ കൂടുതൽ വാങ്ങിയിട്ടുണ്ടെങ്കിൽ അതിന് എന്തു കമ്മീഷൻ കിട്ടി? അതുംകൂടി വച്ചുകൊണ്ടായിരിക്കും ഏതാണ്ട് 35 ലക്ഷം രൂപ നഷ്ടം വരത്തക്കവിധത്തിൽ പിന്നീട് 50,000 പുസ്തകത്തിന് ഓർഡർ ചെയ്തത്. ഈ വിധത്തിൽ, വളരെ മോശപ്പെട്ട തരത്തിൽ പരീക്ഷയുടെ തലേദിവസം ഹരിജൻ കുട്ടികളുടെ പേരിൽ..... പാവങ്ങളുടെ ഹോസ്റ്റലിൽ കാശുകൊടുക്കാത്തതിന്റെ പേരിൽ അവർ സമരമായിരുന്നു. എന്നിട്ട് ഞാൻ മന്ത്രിയെ വിളിച്ച് ഇടപെട്ടതിനു

ശേഷമാണ് പൈസ കൊടുത്തത്. അങ്ങനെ അവരുടെ ഹോസ്റ്റലിനുപോലും കാശുകൊടുക്കാതിരിക്കുന്ന അവസരത്തിൽ അവർക്ക് പുസ്തകം കൊടുക്കുന്നു, അവരുടെ പഠനത്തെ സഹായിക്കുന്നു, എന്നൊക്കെ പറഞ്ഞിട്ട് പഠനത്തിന് യാതൊരു സഹായവും ഉണ്ടാകാത്തവിധത്തിൽ കമ്മിഷൻ കിട്ടുന്നതിനു വേണ്ടിയുള്ള ധൃതഗതിയിലുള്ള ഇടപാടാണ് നടന്നിട്ടുള്ളത്. ഇത് വളരെ മോശമായിപ്പോയി. ഈ ക്രമരഹിതമായിട്ടുള്ള നടപടി ആവർത്തിച്ച് ഈ വകുപ്പിൽ ഉണ്ടാകുകയാണ്. അത് വരാതിരിക്കാൻ ഗൗരവമായി അങ്ങും മുഖ്യമന്ത്രിയും വേണ്ടപ്പെട്ടവരുമെല്ലാം അടിയന്തിരമായി ശ്രദ്ധിക്കണം എന്നുപറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ബഹുമാനപുരസരം ഞാൻ ഒരു വാക്ക് പറയട്ടെ. ദയവായി നമുക്ക് ഹരിജൻ എന്ന പ്രയോഗം ഒഴിവാക്കാം. നമുക്ക് പട്ടികജാതി വകുപ്പ് എന്നുള്ള വാക്ക് ഉപയോഗിക്കാം. ബഹുമാനപുരസരം പറയുകയാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഞാൻ അംഗീകരിച്ചിരിക്കുന്നു. പട്ടികജാതി വകുപ്പ്.

ഡോ. എം. എ. കുട്ടപ്പൻ: Thank you very much. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ 2003 ജൂൺ മാസത്തിൽ പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്നുള്ള ഉദ്ദേശം വച്ചുകൊണ്ട് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പത്രങ്ങളിൽ റാങ്ക് ഫയൽ ലഭ്യമാക്കുന്നതിനുവേണ്ടി പരസ്യം കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ഏതാണ്ട് എട്ടോളം ഓഫറുകൾ എസ്.സി. ഡയറക്ടർക്ക് ലഭിക്കുകയുണ്ടായി. അതിൽ ഡയറക്ടർ പരിശോധിച്ചു നോക്കിയിട്ട് പരിഗണനാർഹം എന്ന് അദ്ദേഹത്തിന് തോന്നിയ 4 സ്ഥാപനങ്ങളുടെ ലിസ്റ്റെടുത്ത് വിദഗ്ദ്ധമായ പരിശോധനയ്ക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എസ്.സി.ഇ.ആർ.ടി.-യെ ഏൽപ്പിച്ചു. അവരുടെ പരിശോധനയിൽ പട്ടികജാതി കുട്ടികൾക്ക് ഏറ്റവും പ്രയോജനപ്രദമായി കണ്ടത് ഐ.ഇ.റ്റി. പബ്ളിക്കേഷൻ എന്ന ഒരു സ്ഥാപനത്തിന്റെ റാങ്ക് ഫയലാണ്. അങ്ങനെ എസ്.സി.ഇ.ആർ.ടി. ശിപാർശ ചെയ്തു. ആ ശിപാർശ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, സെക്രട്ടറിമാർ ഉൾക്കൊള്ളുന്ന വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചു. എസ്.സി./എസ്.ടി. പ്രിൻസിപ്പൽ സെക്രട്ടറി, പ്ളാനിംഗ് സെക്രട്ടറി, ഫൈനാൻസ് അഡീഷണൽ സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന സമിതി വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു. ആ വർക്കിംഗ് ഗ്രൂപ്പ് എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ ശിപാർശ അംഗീകരിക്കുകയും ഏതാണ്ട് 30,000 റാങ്ക് ഫയൽ വാങ്ങാനുള്ള ഉത്തരവ് ഐ.ഇ.ടി.-ക്ക് കൊടുക്കുകയും ചെയ്തു. പക്ഷേ എല്ലാ കുട്ടികൾക്കും ഇത് കിട്ടുന്നില്ല എന്ന ആക്ഷേപം വന്നപ്പോൾ ഈ വിഷയം ഗവണ്മെന്റ് വീണ്ടും പരിശോധിച്ചു. ധനകാര്യ വകുപ്പ് പരിശോധിച്ചുനോക്കി.

LIBRARY ARCHIVES Kerala Legislative Assembly

പ്ലാനിംഗ് വകുപ്പ് പരിശോധിച്ചു നോക്കി. അതുകൊണ്ട് എല്ലാ കുട്ടികൾക്കും ലഭ്യമാക്കണമെന്ന ഒരു ക്ളിയറൻസ് ഗവണ്മെന്റിന് ലഭിച്ചു. അതിന്റെയടിസ്ഥാനത്തിൽ 20,000 കോപ്പികൾക്കുകൂടി ഗവണ്മെന്റ് ഉത്തരവ് നൽകുകയുണ്ടായി. എന്നാൽ കുറെ ദിവസം കഴിഞ്ഞപ്പോൾ, ശരിക്കുപറഞ്ഞാൽ മിനിഞ്ഞാന്നാണ് ഇപ്രകാരം ഒരു കോടതി ഉത്തരവ് എന്റെ ശ്രദ്ധയിൽപ്പെടുന്നത്. ഈ കോടതി വിധിയിൽ പറയുന്നത് ബാക്കിയുള്ള കാലഘട്ടത്തിലേയ്ക്ക് റാങ്ക് ഫയൽ വാങ്ങുകയാണെങ്കിൽ "വി" പബ്ളിഷേഴ്സിന് കൊടുക്കണമെന്നുള്ളതാണ്. അത് കണ്ടമാത്രയിൽ ഗവണ്മെന്റ് ഇറക്കിയ ഉത്തരവ് റദ്ദ് ചെയ്യാൻ ഞാൻ നിർദ്ദേശം നൽകുകയും ആ ഉത്തരവ് റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മിനിഞ്ഞാന്ന് ആ ഉത്തരവ് ഇറക്കിക്കഴിഞ്ഞിരിക്കുന്നു. ഇതിനകത്ത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ സർക്കാരിന് എന്തെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കാം. കോടതി ഉത്തരവ് ലംഘിക്കാൻ ഗവണ്മെന്റിന് ഉദ്ദേശമില്ല. ഈ ഉത്തരവ് റദ്ദാക്കിയിട്ടുള്ളതാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: .....

മി. സ്പീക്കർ: എല്ലാം ചട്ടവിരുദ്ധമായിട്ട് ഞാൻ അനുവദിക്കുന്നു. എന്നാലും ഞാൻ ഒന്നും അനുവദിക്കുകയില്ല എന്നുപറയുകയും ചെയ്യും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അനുവദനീയമല്ല എന്നെനിക്കറിയാം. അഴിമതിയുടെ ഒരു പ്രശ്നം നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുകൊണ്ട്, സർക്കാരിന് പത്തുമുപ്പതു ലക്ഷം രൂപ നഷ്ടമായതുകൊണ്ട് പറയുകയാണ്. ഇതുസംബന്ധിച്ച് ഇവിടെ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന മെമ്പർമാരെ ചേർത്ത് ഒരന്വേഷണം നടത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാണോ?

ഡോ. എം. എ. കുട്ടപ്പൻ: ഈ വിഷയം ഗവണ്മെന്റ് അന്വേഷിക്കും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഗവണ്മെന്റ് അന്വേഷിച്ചാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അന്വേഷണം എന്താണെന്ന് നമുക്ക് മനസ്സിലാകുമോ?

(2) വാഗമൺ ഡയറി സയൻസ് കോളേജിന്റെ നിർമ്മാണ പ്രവർത്തനം

ശ്രീ. ഇ. എം. അഗസ്തി: സർ, എന്റെ നിയോജകമണ്ഡലത്തിലെ വാഗമണ്ണിൽ കോലാഹലമേട്ടിൽ കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരു ഡയറിസയൻസ് കോളേജിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിരുന്നു. നിർമ്മാണ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കാൻവേണ്ടി അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി ഒരു പ്രത്യേക എഞ്ചിനീയറിംഗ് വിംഗും രൂപീകരിക്കുകയുണ്ടായി. കെട്ടിടനിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ കോളേജ് ഇപ്പോൾ മണ്ണുത്തിയിലാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly